# ഖുർആനിലെ ഭൗതിക ദൃഷ്ടാന്തങ്ങൾ



''അവർ ഒട്ടകത്തെ, അതിനെ എങ്ങനെ സൃഷ്ടിച്ചു എന്ന് അവർ നോക്കുന്നില്ലേ?''

(ഖുർആൻ 88: 17)

## ഒട്ടകം

മറ്റു ജീവികളിൽനിന്നും ഏറെ പ്രത്യേകതകളുള്ള സസ്തന ജീവിയാകുന്ന ഒട്ടകം. നീണ്ടകഴുത്തും ഉയർന്നനിൽക്കുന്ന പൂഞ്ഞയും മണലിൽ പുതഞ്ഞുപോകാത്ത ദൃഢ കാൽപാദങ്ങളും കൂടുതൽ ഭാരം വഹിക്കാനും ശരീരത്തിൽ ജലം സൂക്ഷിച്ചുവെക്കുവാനും ക്ഷമിക്കുവാനുമുള്ള കഴിവുകളുമാണ് ഈ വ്യതിരിക്തതകളിൽ പ്രധാനം. മറ്റു ജീവികളിൽ വെച്ച് കൂടുതൽ വിശപ്പും ദാഹവും ചൂടും തണുപ്പും മഴയും സഹിക്കുവാൻ ഏറെ ശക്തി നൽകപ്പെട്ട ജീവിയും ഒട്ടകം തന്നെ. അതിന് യോജിച്ച രീതിയിലാണ് അവയുടെ മൂക്കും ചെവിയും കണ്ണും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. രണ്ടുനിര പീലികളുള്ള കൺപോളകളും ആവശ്യാനുസൃതം തുറക്കാനും അടക്കാനും കഴിവുള്ള നാസാദ്വാരങ്ങളും ഈ പ്രത്യേകതകളിൽ പെടുന്നു. മരുഭൂമിയിലെ പ്രതികൂല സാഹചര്യങ്ങളിൽ ജീവിക്കാൻ അവയെ സഹായിക്കുന്നത് അതാകുന്നു.

സ്വയം ഭക്ഷണമാക്കി മാറ്റുവാൻ കഴിയും വിധം കൊഴുപ്പ് സംഭരിച്ചുവെക്കാൻ ഒട്ടക ത്തിന് കഴിയും. അതിന്റെ ആമാശയത്തിന് മൂന്ന് അറകളാണുള്ളത്. ഒന്ന് ഭക്ഷണത്തിനും മറ്റൊന്ന് വെള്ളത്തിനും. മൂന്നാമത്തേതിൽ ഭക്ഷണവും വെള്ളവും കൂട്ടിക്കലർത്തി സൂക്ഷിച്ചിരിക്കും. ഭക്ഷണവും വെള്ളവും കിട്ടാത്ത പ്രതികൂല സാഹചര്യത്തിൽ ഉപയോഗപ്പെടുത്താനുള്ളതാണത്.

പൂഞ്ഞക്കകത്താണ് ഒട്ടകം കൊഴുപ്പ് സൂക്ഷിച്ചുവെക്കുന്നത്. ജലം കിട്ടാത്ത സാഹചര്യ ത്തിൽ ഈ കൊഴുപ്പ് ഉപയോഗിച്ച് ഒട്ടകം ജീവിക്കുന്നു. ജലസ്രോതസ്സായും അതിന്റെ പൂഞ്ഞ പ്രവർത്തിക്കുന്നു. വെള്ളം കിട്ടാത്ത സാഹചര്യത്തിൽ സ്വന്തം ശരീരഭാരം 25-30 ശതമാനം വരെ കുറക്കുവാൻ അതിന് സാധിക്കും. അതെയവസരം വെള്ളം കിട്ടിയാൽ 30 ഗാലൻ വെള്ളം അകത്താക്കാനും ഒട്ടകത്തിന് സാധിക്കും.

ഏത് പരുപരുത്ത പ്രതലങ്ങളിലൂടെയും സഞ്ചരിക്കാൻ പറ്റിയ വിധം അവയുടെ കാൽപാദങ്ങൾ ശക്തമായ ചർമങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഈ സംവിധാനം അവയെ അമിത ഭാരവുമായി മണലിലൂടെ ദീർഘദൂരം സഞ്ചരിക്കുന്നതിന് സഹായിക്കുന്നു. അതിനാലാണ് അവയെ മരുഭൂമിയിലെ കപ്പൽ എന്നു പറയുന്നത്.

എത്ര വർഷം പിന്നിട്ടാലും എത്ര വഴിദൂരം കടന്നുപോയാലും ഒട്ടകം അതിന്റെ ജന്മസ്ഥലം വിസ്മരിക്കുകയില്ല. ഏത് വലിയ പ്രതിബന്ധങ്ങൾ തരണംചെയ്തും അവിടെ തന്നെ തിരിച്ചെത്താൻ അതിന് സാധിക്കും.

മഴ കിട്ടാനിടയുള്ള സ്ഥലമേതെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതോടൊപ്പം വിവിധയിനം ജലത്തെ തിരിച്ചറിയാനും ഒട്ടകത്തിന് സാധിക്കും. ശബ്ദത്തെ വേർതിരിച്ചറിയാനുള്ള അവയു ടെ കഴിവ് വലുതാണ്.

മറ്റു ജീവികളിൽനിന്ന് വ്യത്യസ്തമായാണ് അത് പാദങ്ങൾ മുന്നോട്ടു വെക്കുക. വലത് മുൻകാലും വലതു പിൻകാലും ഒരേ സമയം മുന്നോട്ടുവെക്കുകയും തുടർന്ന് ഇടത് മുൻ കാലും ഇടത് പിൻകാലും മുന്നോട്ടു വെച്ചുകൊണ്ടാണ് അത് സഞ്ചരിക്കുന്നത്. ശരീരത്തിന്റെ ഭാരം നിയന്ത്രിക്കുവാനാണ് ഈ രീതി.

ജീവികളിൽ വെച്ച് മനുഷ്യന് ഏറെ പ്രയോജനമുള്ള ജീവിയാണ് ഒട്ടകം. സൃഷ്ടിപരമായ ഈ പ്രത്യേകതകളെ മുൻനിറുത്തിയാണ് അല്ലാഹു ഒരു ദൃ ഷ്ടാന്തം എന്ന നിലക്ക് ഒട്ടകത്തെ നമ്മുടെ ചിന്തക്ക് മുൻപിലേക്കിട്ടത്.

**അബ്ദുൽ ജലീൽ താഴശ്ശേരി**
info@vazhi.org - jthrees@hotmail.com